LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ വകുപ്പിൽ തസ്തിക വെട്ടിക്കുറച്ച നടപടി

121 [311] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ അധികമായി കണ്ടെത്തിയ തസ്തികകൾ, സൂപ്പർ ന്യൂമററി തസ്തികകൾ, റീഡിപ്ലോയ്മെന്റ് തസ്തികകൾ എന്നീ ഇനങ്ങളിലായി ആകെ നിർത്തലാക്കിയ തസ്തികകൾ എത്രയാണെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ തസ്തികകൾ നിർത്തലാക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) സർക്കാരിന് വൻതോതിൽ വരുമാനം ഉണ്ടാക്കുന്നതും ജോലിഭാരം നിലനിൽക്കുന്നതുമായ ഈ വകുപ്പിൽ തസ്തിക വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അധികമായി കണ്ടെത്തിയ തസ്തികകളുടെ എണ്ണം .. 326
സൂപ്പർന്യൂമററി തസ്തികകൾ .. 326
റീഡിപ്ലോയ്മെന്റ് .. ഇല്ല
നിർത്തലാക്കിയത് .. 326

(ബി) 19-11-2003-ലെ സ.ഉ.(പി) നം. 34/2003/പി.ആന്റ് എ.ആർ.ഡി. പ്രകാരമാണ് തസ്തികകൾ നിർത്തലാക്കിയത്.

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

സബ്രജിസ്ട്രാർ ആഫീസുകൾക്ക് സ്വന്തം കെട്ടിടം

122 [312] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ്രജിസ്ട്രാർ ആഫീസുകൾ ഉണ്ട്;

(ബി) അവയിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ട്;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത സബ്രജിസ്ട്രാർ ആഫീസുകൾക്ക് കെട്ടിടം ഉണ്ടാക്കാൻ എന്തെങ്കിലും പദ്ധതി ഗവൺമെന്റിനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) വെങ്ങാനൂർ സബ്രജിസ്ട്രാർ ആഫീസിനുവേണ്ടി സ്വന്തമായി കെട്ടിടം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;